K24U 0142

Reg. No.: .................................

Name : ....................................

# Sixth Semester B.A. Degree (C.B.C.S.S.-OBE – Regular/Supplementary/ Improvement) Examination, April 2024
## (2019 to 2021 Admissions)
## CORE COURSE IN MALAYALAM
## 6B15 MAL : വിവർത്തനസാഹിത്യം

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) മലയാള നോവൽ സാഹിത്യത്തിൽ ബംഗാളി വിവർത്തന നോവലുകളുടെ സ്വാധീനം വിവരിക്കുക.

2) വിവർത്തന സിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുക.

3) നിങ്ങൾ വായിച്ചിട്ടുള്ള ഏതെങ്കിലും ഒരു വിവർത്തന കാവ്യത്തെ ഗുണദോഷ വിചിന്തനം ചെയ്യുക.

4) മലയാള ചെറുകഥയുടെ വളർച്ചയിൽ വിവർത്തന കഥകൾക്കുള്ള പങ്ക് പരിശോധിക്കുക.

II. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) ഒരു ഭാഷ മരിക്കുമ്പോൾ അതിന്റെ പ്രതിഫലനങ്ങളെ ഇതരഭാഷകൾ കൊണ്ട് പകരം വയ്ക്കാനാവുമോ ? പരിശോധിക്കുക.

6) മേഘസന്ദേശത്തിനു മലയാളത്തിലുണ്ടായിട്ടുള്ള പ്രധാന തർജ്ജമകളെ പരിചയപ്പെടുത്തുക.

7) ആരോഗ്യനികേതനം മുന്നോട്ടു വയ്ക്കുന്ന ഭിഷഗ്വരസങ്കൽപം കാലിക പ്രസക്തമാണോ ? പരിശോധിക്കുക.

8) 'നാലാംകുളി' എന്ന ചെറുകഥ ചർച്ച ചെയ്യുന്ന വിഷയങ്ങൾ എന്തെല്ലാമാണ് ?

9) **മലയാള**ത്തിലേക്ക് തർജ്ജമ ചെയ്യുക.

Anton Chechow – His own story

This amazing Russian born author, well-known for his short fiction and wonderful novels, didn't have the best start in life. In 1876, while Anton was still at school Chekhov's father was declared Bankrupt and the family moved from Taganrog, Southern Russia to Moscow. Anton however remained for a further three years to complete his education and sell the families possessions.

Anton Chekhov finished his schooling in 1879 and moved to Moscow to join his family. He studied medicine at Moscow University and qualified as a doctor in 1884. He practiced as a doctor despite writing over four hundred short stories in his short life (died of Tuberculosis at just 44 years old). His famous quote "Medicine is my lawful wife", "and literature is my mistress." Perfectly sums up his career.

10) അനുവർത്തനവും വിവർത്തനവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം ?

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) Poetry is what gets left out in translation – വിവർത്തനം ചെയ്ത് വിശദമാക്കുക.

12) കെനിയയിലെ ഗോത്രജീവിതത്തെക്കുറിച്ച് 'തലകുനിക്കാതെ' എന്ന ആത്മ കഥയിൽ നിന്നും കിട്ടുന്ന വസ്തുതകൾ എന്തെല്ലാം ?

13) 'ഗീതാഞ്ജലി'യുടെ ലോകപ്രശസ്തിക്കുള്ള കാരണങ്ങൾ കണ്ടെത്തുക.

14) നിലീന എബ്രഹാമിന്റെ വിവർത്തനത്തിന്റെ സവിശേഷതകൾ ആരോഗ്യ നികേതനത്തെ മുൻനിർത്തി കണ്ടെത്തുക.

15) 'വേർപാട്' എന്ന കഥയെ 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയുമായി താരതമ്യം ചെയ്യുക.

16) ഒരിക്കലും ക്ഷയിക്കാത്ത ലാഭമുള്ള തൊഴിലാണ്. ദാനം ചെയ്യും തോറും വർദ്ധിച്ചു വരും. നെയ്യുപോലെയാണ്. പഴകും തോറും വില കൂടും – വൈദ്യവൃത്തിയെക്കുറിച്ചുള്ള ജഗദ്ബന്ധു മശായ്‌യുടെ അഭിപ്രായം വിലയിരുത്തുക.

IV. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ള താരാശങ്കർ ബാനർജിയുടെ ആറ് നോവലുകളുടെ പേരെഴുതുക.

18) നിലീന എബ്രഹാം എന്ന എഴുത്തുകാരിയെ പരിചയപ്പെടുത്തുക.

19) വിവർത്തനത്തെക്കുറിച്ച് ഗെയ്ഥെയുടെ അഭിപ്രായം എന്ത് ?

20) 'ആരണ്യഹംസങ്ങൾ' എന്ന വിവർത്തനത്തിന്റെ മൂലകൃതിയെപ്പറ്റി കുറിപ്പു തയ്യാറാക്കുക.

21) 'വംഗാരി മുട്ടാ'യെ പരിചയപ്പെടുത്തുക.

22) ട്രാൻസ്ലേഷൻ എന്നതിനു തുല്യമായി മലയാളത്തിൽ പ്രചാരത്തിലുള്ള പദങ്ങൾ ഏതെല്ലാം ?

സോമാ ജ്യോതിർഗമയ
KANNUR UNIVERSITY

K23U 0401

Reg. No. : ..............................

Name : ..................................

# VI Semester B.A. Degree (CBCSS – OBE – Regular/Supplementary/ Improvement) Examination, April 2023
## (2019 and 2020 Admissions)
## CORE COURSE IN MALAYALAM
## 6B15 MAL : വിവർത്തനസാഹിത്യം

Time : 3 Hours Max. Marks : 40

I. **രണ്ട്** ചോദ്യങ്ങൾക്ക് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) കവിതാവിവർത്തകൻ കവി കൂടിയായിരിക്കണം എന്നു പറയുന്നതിന്റെ യുക്തി പാഠഭാഗങ്ങളെ ആസ്പദമാക്കി സമർത്ഥിക്കുക.

2) സാഹിത്യകൃതികൾ വിവർത്തനം ചെയ്യുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ നോവൽ വിവർത്തനത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

3) തുളുനാട്ടിലെ സമൂഹത്തിന്റെ സാംസ്കാരിക വിവരങ്ങളും സാമൂഹിക ജീവിതത്തിൽ പെണ്ണിന്റെ നിലയും 'നാലാംകുളി' എന്ന കഥയിൽ എപ്രകാരം ആവിഷ്കൃതമാകുന്നു ?

4) ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതിയെയും സംസ്കാരത്തെയും കുറിച്ചുള്ള ചിന്തകൾ 'തലകുനിക്കാതെ' എന്ന ആത്മകഥയിൽ എപ്രകാരം ആവിഷ്കരിക്കപ്പെടുന്നു ?

II. **നാല്** ചോദ്യങ്ങൾക്ക് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) ജി. ശങ്കരക്കുറുപ്പിന്റെ ഗീതാഞ്ജലി വിവർത്തനത്തിന്റെ മേന്മകൾ എന്തെല്ലാം ?

6) 'ഭാവാത്മകമായ ആഖ്യാനരീതികൊണ്ടും വൈകാരികതകൊണ്ടും കാല്പനികമായ അന്തരീക്ഷം നിലനിർത്തുമ്പോൾത്തന്നെ വീക്ഷണങ്ങളിലും ദർശനങ്ങളിലും ആധുനികഭാവുകത്വം പ്രകടമാക്കുന്ന കവിതയാണ് 'ആരണ്യഹംസങ്ങൾ''. സമർത്ഥിക്കുക.

7) 'ആരോഗ്യനികേതനം' എന്ന വിവർത്തനകൃതിയുടെ പ്രസക്തിയും പ്രത്യേകതകളും വിവരിക്കുക.

P.T.O.

8) ''ചീര കൊണ്ട് മീനിന്റെ മണം മൂടിവയ്ക്കാനാവില്ല'' – ഇത്തരമൊരു സംഭാഷണം നടക്കുന്ന സന്ദർഭമേത് ?

9) ആന്റൺ ചെഖോവിന്റെ 'വേർപാട് ' എന്ന കഥയുടെ വൈകാരികത ചോർന്നു പോകാതെ ആവിഷ്കരിക്കുന്നതിൽ വിവർത്തകൻ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് പരിശോധിക്കുക.

10) ''മുട്ടാ ജൂഗി എന്ന എന്റെ അച്ഛന്റെയും വഞ്ചിരു കിബിച്ചോ എന്ന എന്റെ അമ്മയുടെയും എന്നതുപോലെത്തന്നെ മണ്ണിന്റെയും മകളാണ് ഞാൻ'' – വാംഗാരി മാതായിയുടെ പില്ക്കാല ജീവിതത്തിലേക്കുള്ള ചൂണ്ടുപലകയായി ഈ പ്രസ്താവനയെ വായിക്കാമോ ? വിമർശനാത്മകമായി പരിശോധിക്കുക.

III. **നാല്** ചോദ്യങ്ങൾക്ക് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) തിരുനെല്ലൂർ കരുണാകരന്റെ മേഘസന്ദേശം വിവർത്തനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

12) ഏറ്റവും വലിയ ലാഭം ഏതാണെന്നാണ് ജഗദ്ബന്ധു മശായ് അഭിപ്രായപ്പെടുന്നത് ? കാരണമെന്ത് ?

13) വിവർത്തനത്തിന്റെ പ്രയോജനങ്ങൾ എന്തെല്ലാം ?

14) ''കാലിലിടുന്നത് കാലിലിട്ടാൽ നന്ന്, തലയിലിട്ടാൽ എങ്ങനെ '' – സന്ദർഭം വിശദമാക്കുക.

15) ഇഹിതെയിലെ കുട്ടിക്കാലം വാംഗാരി മാതായ് ഓർത്തെടുക്കുന്നതെങ്ങനെ ?

16) ദേശസംസ്കാരത്തിനുമേൽ യൂറോപ്യൻ സംസ്കാരം അധീശത്വം സ്ഥാപിക്കുന്നതിന്റെ കാഴ്ചകൾ വാംഗാരി മാതായ് ആവിഷ്കരിക്കുന്നതെങ്ങനെ ?

IV. **നാല്** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17) ഗീതാഞ്ജലിക്ക് മലയാളത്തിലുണ്ടായ പ്രധാന പരിഭാഷകൾ പരിചയപ്പെടുത്തുക.

18) ഭാഷയുടെ മരണം സംസ്കാരത്തിന്റെ മരണം കൂടിയാണെന്ന വസ്തുത 'ഭാഷ മരിക്കുമ്പോൾ' എന്ന കവിതയിൽ എപ്രകാരം ആവിഷ്കരിക്കപ്പെടുന്നു ?

19) വിവർത്തനം എന്ന പദത്തിനു പകരം ഉപയോഗിക്കുന്ന മലയാള പദങ്ങൾ ഏതെല്ലാം ?

20) ''പുതുമയെ ഇവർക്ക് പേടിയാണ്. അതിനെ സ്വീകരിക്കാൻ ഇവർക്ക് കഴിവില്ല. മനസ്സില്ല, പണവുമില്ല''– ആരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കപ്പെടുന്നത് ?

21) 'വേർപാട് ' എന്ന തലക്കെട്ട് കഥയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ടെന്ന് പരിശോധിക്കുക.

22) സ്രോതഭാഷ എന്നാലെന്ത് ?

KANNUR UNIVERSITY

K23U 0400

Reg. No. : ..............................

Name : .................................

**VI Semester B.A. Degree (CBCSS – OBE-Regular/Supplementary/ Improvement) Examination, April 2023**
**(2019 and 2020 Admissions)**
**CORE COURSE IN MALAYALAM**
**6B14 MAL : വിവരസാങ്കേതികവിദ്യയും മലയാളവും**

Time : 3 Hours Max. Marks : 40

I. താഴെക്കൊടുത്ത 4 ചോദ്യങ്ങളിൽ ഏതെങ്കിലും **2 എണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) അച്ചടി മുതൽ യൂനീകോഡ് വരെയുള്ള മലയാളഭാഷാ കമ്പ്യൂട്ടിംഗിന്റെ ചരിത്രം ചുരുക്കി വിവരിക്കുക.

2) മലയാളം കമ്പ്യൂട്ടിംഗിനുള്ള ലിപി വിന്യാസത്തെക്കുറിച്ച് വിവരിക്കുക.

3) സത്യാനന്തര സമൂഹത്തിൽ നവ മാധ്യമങ്ങൾ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിവരിക്കുക.

4) കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം എന്നാലെന്ത് ? പ്രധാനപ്പെട്ട കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയറുകളെക്കുറിച്ച് വിവരിക്കുക.

II. താഴെക്കൊടുത്ത 6 ചോദ്യങ്ങളിൽ ഏതെങ്കിലും **4 എണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) പ്രധാനപ്പെട്ട ഭാഷാ എൻകോഡിംഗ് വ്യവസ്ഥകൾ ഏതെല്ലാം ?

6) പ്രതികരിക്കാനുള്ള മനുഷ്യന്റെ അടിസ്ഥാന സ്വഭാവത്തിന്റെ പുതിയ സമ്പ്രദായമാണ് ബ്ലോഗ് – ഈ അഭിപ്രായത്തെ എങ്ങനെ വിലയിരുത്തുന്നു ?

7) നവമാധ്യമങ്ങളുടെ പൊതുസവിശേഷതകൾ എന്തെല്ലാം ?

8) മലയാളം വിക്കിപീഡിയയെക്കുറിച്ച് ചെറുകുറിപ്പ് എഴുതുക.

9) എന്താണ് ദ്രുപാൽ (Drupal) ?

10) ശോധ്ഗംഗ എന്താണ് ? അക്കാദമിക പഠനപ്രവർത്തനങ്ങളെ ഇത് എങ്ങനെ സഹായിക്കുന്നു ?

P.T.O.

III. താഴെക്കൊടുത്ത 6 ചോദ്യങ്ങളിൽ ഏതെങ്കിലും **4 എണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) കമ്പ്യൂട്ടർ ഭാഷയുടെ പ്രാരംഭദശയെക്കുറിച്ച് കുറിപ്പെഴുതുക.

12) സ്പെൽ ചെക്കറിന്റെ പ്രവർത്തനം വിവരിക്കുക.

13) ടെക്സ്റ്റ് ടു സ്പീച്ചിന്റെ പ്രവർത്തന രീതി എങ്ങനെയാണ് ?

14) സൈബർ ആക്ടിവിസം എന്നാലെന്ത് ?

15) Moodle എന്നാലെന്ത് ?

16) ഓൺലൈൻ ലൈബ്രറികളുടെ പ്രവർത്തനം വിവരിക്കുക.

IV. താഴെക്കൊടുത്ത 6 ചോദ്യങ്ങളിൽ **4 എണ്ണ**ത്തിന് കുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) എന്താണ് യൂനീകോഡ് ?

18) എബ്സിഡിക് (EBCDIC) ന്റെ പൂർണ്ണരൂപമെന്ത് ? വിശദീകരിക്കുക.

19) ഹൈഫനേഷൻ എന്നാലെന്ത് ?

20) ഇൻസ്ക്രിപ്റ്റ് കീബോർഡിന്റെ പ്രത്യേകതയെന്ത് ?

21) വിവിധ തരം ടെക്സ്റ്റ് ഫോർമാറ്റുകൾ ഏവ ?

22) MOOC എന്നാലെന്ത് ?

KANNUR UNIVERSITY

K24U 0140

Reg. No.: ................................

Name : ...................................

## Sixth Semester B.A. Degree (C.B.C.S.S.-OBE – Regular/Supplementary/ Improvement) Examination, April 2024
## (2019 to 2021 Admissions)
## CORE COURSE IN MALAYALAM
## 6B13 MAL : മാധ്യമപഠനം

Time : 3 Hours Max. Marks : 40

**നാലു** ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക (**7** മാർക്ക് വീതം). **(2×7=14)**

1. ആദ്യകാല മലയാളപത്രങ്ങളുടെ സവിശേഷതകൾ പരിചയപ്പെടുത്തുക.
2. റിപ്പോർട്ടിങ് എന്നാലെന്ത് ? വ്യത്യസ്തതരം റിപ്പോർട്ടിങ് രീതികൾ വിശദീകരിക്കുക.
3. ഇന്ത്യയിലെ ടെലിവിഷൻ സംപ്രേഷണത്തിന്റെ ചരിത്രം വിശദമാക്കുക.
4. സത്യാനന്തര കാലത്തെ മാധ്യമപ്രവർത്തനം എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**ആറു** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക (**3** മാർക്ക് വീതം). **(4×3=12)**

5. കേരളനവോത്ഥാനം പത്രപ്രവർത്തന രംഗത്ത് ചെലുത്തിയ സ്വാധീനം പരിശോധിക്കുക.
6. വാർത്താ റിപ്പോർട്ടിങ്ങിലെ ഇൻവർട്ടഡ് പിരമിഡ് രീതി പരിചയപ്പെടുത്തുക.
7. ഒരു ജനപ്രിയമാധ്യമം എന്ന നിലയിൽ റേഡിയോയുടെ സാധ്യതകളും പരിമിതികളും വിലയിരുത്തുക.
8. ടെലിവിഷൻ പരസ്യങ്ങൾ സംസ്കാരത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ചർച്ച ചെയ്യുക.
9. സൈബർ പൊതുമണ്ഡലം എന്നാലെന്ത് ? വിശദീകരിക്കുക.
10. മാധ്യമധാർമ്മികതയെക്കുറിച്ച് വിവരിക്കുക.

P.T.O.

**ആറു** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക (**2** മാർക്ക് വീതം). **(4×2=8)**

11. എഡിറ്റോറിയൽ എന്നാലെന്ത് ? വിശദീകരിക്കുക.
12. ആദ്യകാല ഇന്ത്യൻ പത്രങ്ങൾ ഏതെല്ലാം ?
13. വാർത്തകളും ഫീച്ചറും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കുക.
14. ഫോട്ടോജേണലിസം എന്നാലെന്ത് ?
15. ടെലിവിഷൻ സീരിയലുകളുടെ പൊതുസ്വഭാവങ്ങളെന്തെല്ലാം ?
16. മാധ്യമസാക്ഷരത എന്തെന്ന് വിശദമാക്കുക.

**ആറു** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. (**1½** മാർക്ക് വീതം). **(4×1½=6)**

17. വെബ്പത്രങ്ങൾ
18. സിറ്റിസൺ ജേണലിസം
19. സൈബർ ജേണലിസം
20. എഫ്. എം. റേഡിയോ
21. ഫേസ്ബുക്ക്
22. ട്രോളുകൾ.

KANNUR UNIVERSITY

**K23U 0399**

**Reg. No. : ..............................**

**Name : ..................................**

**VI Semester B.A. Degree (CBCSS – OBE – Regular/Supplementary/ Improvement) Examination, April 2023**
**(2019 and 2020 Admissions)**
**CORE COURSE IN MALAYALAM**
**6B13 MAL : മാധ്യമ പഠനം**

Time : 3 Hours Max. Marks : 40

I. താഴെക്കൊടുത്തിരിക്കുന്ന നാല് ചോദ്യത്തിൽ ഏതെങ്കിലും **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക. **ഓരോ**ന്നും **300** വാക്കിൽ കവിയരുത്. **(2×7=14)**

1) പത്രങ്ങളുടെ സാമൂഹിക പ്രസക്തിയെക്കുറിച്ച് സോദാഹരണം വിശദമാക്കുക.

2) വിവിധതരം വാർത്തകളെക്കുറിച്ചും വാർത്തകളുടെ ഘടനയെക്കുറിച്ചും വിവരിക്കുക.

3) റേഡിയോ പ്രക്ഷേപണചരിത്രം ചുരുക്കി പ്രതിപാദിക്കുക.

4) വിവര സാങ്കേതിക വിദ്യയുടെ വളർച്ച നവമാധ്യമരംഗത്ത് സൃഷ്ടിച്ച വിപ്ലവത്തെക്കുറിച്ച് ചർച്ച ചെയ്യുക.

II. താഴെക്കൊടുത്തിരിക്കുന്ന ആറ് ചോദ്യത്തിൽ ഏതെങ്കിലും **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **ഓരോ**ന്നും **150** വാക്കിൽ കവിയരുത്. **(4×3=12)**

5) ജനാധിപത്യത്തിന്റെ നാലാം സ്തംഭം എന്ന് മാധ്യമങ്ങളെ വിശേഷിപ്പിക്കുന്നതിന്റെ പ്രാധാന്യമെന്ത് ?

6) മലയാളത്തിലെ ആദ്യകാല മാസികകളെ പരിചയപ്പെടുത്തുക.

7) സൈബർ ജേർണലിസത്തെക്കുറിച്ച് വിവരിക്കുക.

8) എഡിറ്റിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുക.

9) ടെലിവിഷനിലെ പരസ്യങ്ങൾ എങ്ങനെയാണ് ഉപഭോഗസംസ്കാരത്തെ സ്വാധീനിക്കുന്നത് ?

10) ജനപ്രിയസംസ്കാരവും മാധ്യമങ്ങളും തമ്മിലുള്ള ബന്ധമെന്ത് ?

III. താഴെ കൊടുത്തിരിക്കുന്ന ആറ് ചോദ്യത്തിൽ ഏതെങ്കിലും **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **ഓരോ**ന്നും **100** വാക്കിൽ കവിയരുത്. **(4×2=8)**

11) മാധ്യമരംഗത്ത് കോർപ്പറേറ്റുകളുടെ സ്വാധീനം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാം ?

12) സീരിയലുകളുടെ പൊതുസ്വഭാവമെന്ത് ?

13) യൂട്യൂബിന്റെ സവിശേഷതകളെ പരിചയപ്പെടുത്തുക.

14) അച്ചടിയുടെ ആരംഭത്തെക്കുറിച്ചെഴുതുക.

15) ഫീച്ചറുകളുടെ സവിശേഷതകൾ എന്തെല്ലാം ?

16) പത്രങ്ങളിൽ ലേ ഔട്ടിനുള്ള പ്രാധാന്യമെന്ത് ?

IV. താഴെ കൊടുത്തിരിക്കുന്ന ആറ് ചോദ്യത്തിൽ ഏതെങ്കിലും **നാലെണ്ണ**ത്തിന് കുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17) ബ്ലോഗ്

18) ഇ-മെയിൽ

19) റേഡിയോജോക്കി

20) ഇ-ബുക്ക്

21) സിറ്റിസൺ ജേർണലിസം

22) വെബ്പോർട്ടലുകൾ.

KANNUR UNIVERSITY

K24U 0139

Reg. No.: ................................

Name : ...................................

# Sixth Semester B.A. Degree (C.B.C.S.S.-OBE – Regular/Supplementary/ Improvement) Examination, April 2024
## (2019 to 2021 Admissions)
## CORE COURSE IN MALAYALAM
## 6B12 MAL : ഭാഷാശാസ്ത്രം

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) ഭാഷാവൈവിധ്യങ്ങളെ പരിചയപ്പെടുത്തുക.

2) കക്ഷ്യാവിഭജനം എന്തെന്ന് വിശദമാക്കുക.

3) സ്വനവിജ്ഞാനത്തെക്കുറിച്ച് ഉപന്യസിക്കുക.

4) ഭാഷയും അധികാരവും തമ്മിലുള്ള ബന്ധം വിവരിക്കുക.

II. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) വാമൊഴി – വരമൊഴി ഭേദം വിശദമാക്കുക.

6) ആശയവിനിമയ വ്യവസ്ഥയെക്കുറിച്ച് ചുരുക്കി പ്രതിപാദിക്കുക.

7) ബഹുകാലിക ഭാഷാരീതിയുടെ സവിശേഷതകൾ എന്തൊക്കെ ?

8) ദ്രാവിഡഭാഷാഗോത്രത്തെ പരിചയപ്പെടുത്തുക.

9) മാനസ്വരങ്ങൾ എന്നാലെന്ത് ?

10) ഭാഷാഭേദത്തിന് നിദാനമായ ഘടകങ്ങൾ ഏതൊക്കെ ? ഉദാഹരണ സഹിതം എഴുതുക.

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) ഭാഷയുടെ ഒരു നിർവചനം എഴുതി വിശദീകരിക്കുക.

12) ഭാഷാകുടുംബ സങ്കൽപ്പം എന്തെന്ന് വിശദമാക്കുക.

13) ഉപസ്വനങ്ങൾ എന്നാലെന്ത് ?

14) ലീനധ്വനികൾ എത്രവിധം ?

15) ഉപരൂപിമം എന്ന സങ്കല്പം വിശദമാക്കുക.

16) അനുനാസികങ്ങളെ ഭാഷാശാസ്ത്രപരമായി വിവരിക്കുക.

IV. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) ഭാഷയും ഭാഷണവും.

18) ഏകാലിക പഠനം.

19) അംഗഭാഷ.

20) സ്വനവും സ്വനിമവും.

21) ചില്ലക്ഷരങ്ങൾ.

22) സമഭാഷാംശ സീമാരേഖ.

KANNUR UNIVERSITY

K23U 0398

Reg. No. : ................................

Name : ...................................

# VI Semester B.A. Degree (CBCSS – OBE-Regular/Supplementary/ Improvement) Examination, April 2023
## (2019 and 2020 Admissions)
## CORE COURSE IN MALAYALAM
## 6B12 MAL : ഭാഷാശാസ്ത്രം

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന 4 ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) മനുഷ്യഭാഷയുടെ വ്യതിരിക്തസ്വഭാവങ്ങൾ വിശദീകരിക്കുക.

2) പ്രധാനപ്പെട്ട ഭാഷാഗോത്രങ്ങളെ പരിചയപ്പെടുത്തുക.

3) മലയാള ഭാഷയിലെ സ്വരാക്ഷരങ്ങളെ ഭാഷാശാസ്ത്രസങ്കല്പനമനുസരിച്ച് വർഗ്ഗീകരിക്കുക.

4) ഭാഷാഭേദം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ ഉദാഹരണസഹിതം വിശദീകരിക്കുക.

II. താഴെ തന്നിരിക്കുന്ന 6 ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) ആശയവിനിമയവ്യവസ്ഥയിലെ പ്രധാന ഘടകങ്ങൾ വിശദീകരിക്കുക.

6) ജീവത്ഭാഷയും മൃതഭാഷയും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ വിശകലനം ചെയ്യുക.

7) ഭാഷാശാസ്ത്രത്തിലെ ചരിത്രാത്മകപഠനം ബഹുകാലികപഠനമാണെന്നു പറയുന്നതെന്തുകൊണ്ട് ?

8) പ്രധാനപ്പെട്ട ഭാഷാകക്ഷ്യകളെ പരിചയപ്പെടുത്തുക.

9) മാനസ്വരങ്ങൾ എന്നാലെന്ത് ? വിശദീകരിക്കുക.

10) ഭാഷയും അധികാരവും തമ്മിലുള്ള ബന്ധം ഉദാഹരണസഹിതം വിശദീകരിക്കുക.

P.T.O.

III. താഴെ തന്നിരിക്കുന്ന 6 ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) സങ്കരഭാഷ എന്നാലെന്ത് ? വിശദീകരിക്കുക.

12) ഏകകാലികഭാഷാപഗ്രഥനരീതിയുടെ സവിശേഷതയെന്ത് ?

13) സ്വനവും സ്വനിമവും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുക.

14) മലയാളത്തിലെ വിരാമസ്വനിമങ്ങളെ പരിചയപ്പെടുത്തുക.

15) സ്വതന്ത്രരൂപിമവും ഉപരൂപിമവും തമ്മിലുള്ള വ്യത്യാസമെന്ത് ?

16) വ്യക്തിഭാഷയുടെ സവിശേഷതകളെന്ത് ?

IV. താഴെ തന്നിരിക്കുന്ന 6 ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറു കുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) കുറിപ്പെഴുതുക – കൃത്രിമഭാഷ

18) കുറിപ്പെഴുതുക – താരതമ്യാത്മകഭാഷാശാസ്ത്രം

19) കുറിപ്പെഴുതുക – ദ്രാവിഡഗോത്രത്തിലെ പ്രധാന ഭാഷകളേവ ?

20) കുറിപ്പെഴുതുക – ഉൽഷിപ്തം

21) കുറിപ്പെഴുതുക – സങ്കേതനം

22) കുറിപ്പെഴുതുക – അവശിഷ്ടമേഖല.

KANNUR UNIVERSITY